ഉത്തരം

(എ) — (സി) ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളായ ആന്ധ്രാപ്രദേശ്, കർണ്ണാടകം, തമിഴ്നാട്, പോണ്ടിച്ചേരി, ഗോവ, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിൽ കേരള സംസ്ഥാനത്തിന് ഒരു ലെയിസൺ-കം-ഗസ്റ്റ്ഹൗസ് സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം പരസ്പരധാരണയുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കുമെന്ന വ്യവസ്ഥയിൽ ടി സംസ്ഥാനങ്ങൾക്ക് അവരുടെ ലെയിസൺ-കം-ഗസ്റ്റ്ഹൗസ് സ്ഥാപിക്കുന്നതിനായി അവരുടെ ഇഷ്ടാനുസരണം തലസ്ഥാനമായ തിരുവനന്തപുരത്തോ അല്ലെങ്കിൽ എറണാകുളത്തോ ഏകദേശം ഒരേക്കർ സ്ഥലം അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് ടി സംസ്ഥാനങ്ങളുടെ അഭിപ്രായവും തീരുമാനവും അറിയുന്നതിനുവേണ്ടി അവിടങ്ങളിലെ മുഖ്യമന്ത്രിമാർക്ക് കത്തെഴുതിയിട്ടുണ്ട്.

ഡൽഹിയിലെ കേരളാ ഹൗസിൽ നിലവിലുള്ള ഒഴിവുകൾ

10 [2316] *ശ്രീ. കെ. മുഹമ്മദാലി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡൽഹിയിലെ കേരളാ ഹൗസിൽ ഇപ്പോൾ എത്ര താൽക്കാലിക ജീവനക്കാരുണ്ട്;

(ബി) ഏതെല്ലാം തസ്തികകളിലാണ് ഇവരെ നിയമിച്ചിട്ടുള്ളത്; എത്ര വർഷമായി ഇവർ താൽക്കാലിക ജീവനക്കാരായി കേരളാ ഹൗസിൽ ജോലി ചെയ്തു വരുന്നു;

(സി) കേരളാ ഹൗസിൽ സ്ഥിരംജീവനക്കാരുടെ ഒഴിവുകൾ ഉള്ളകാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഈ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 35 താൽക്കാലിക ജീവനക്കാരുണ്ട്.

(ബി) കേരളാ ഹൗസ് കൺട്രോളറുടെ ഓഫീസിൽ റിസപ്ഷൻ അസിസ്റ്റന്റ്, ടെലിഫോൺ ഓപ്പറേറ്റർ, ബെയറർ, റൂം അറ്റന്റന്റ്, കുക്ക്, കിച്ചൺ ഹെൽപ്പർ, സ്വീപ്പർ, ഷോഫർ എന്നീ തസ്തികകളിൽ പത്തുവർഷം മുതൽ ഒരുവർഷം വരെ കാലമായി ജോലിചെയ്തുവരുന്നുണ്ട്. കൂടാതെ നിയമവിഭാഗത്തിൽ ഒരു ശിപായിയുടെ തസ്തികയിലും റസിഡന്റ് കമ്മീഷണറുടെ ഓഫീസിലെ മോട്ടോർ സൈക്കിൾ ഡസ്പാച്ച് റൈഡറിന്റെ തസ്തികയിലും ഇൻഫർമേഷൻ ഓഫീസിൽ ഡ്രൈവറുടെയും ശിപായിയുടെയും തസ്തികകളിലുമാണ് താൽക്കാലിക ജീവനക്കാരെ നിയമിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്.

(ഡി) ഉണ്ട്. കേരളാ ഹൗസിൽ സെക്രട്ടേറിയറ്റിൽനിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്ന തസ്തികകളിലെ ഒഴിവുകൾ അപ്പപ്പോൾ സർക്കാരിൽ നിന്നും നികത്താറുണ്ട്. ബെയറർ, റൂം അറ്റന്റന്റ്, കുക്ക്, കിച്ചൺ ഹെൽപ്പർ, സ്വീപ്പർ, ഷോഫർ, റിസപ്ഷൻ അസിസ്റ്റന്റ്, ടെലിഫോൺ ഓപ്പറേറ്റർ, പ്യൂൺ മുതലായ മറ്റ് തസ്തികകളിലെ ഒഴിവുകളിൽ ആവശ്യാനുസരണം താൽക്കാലിക ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.

സ്വാതന്ത്ര്യ സമരസേനാനികൾക്ക് പെൻഷൻ അനുവദിക്കുന്നതിന് ഉപദേശക സമിതി

11 [2317] *ശ്രീ. എം. എ. വാഹീദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാതന്ത്ര്യ സമരസേനാനികൾക്ക് പെൻഷൻ അനുവദിക്കുന്നത് സംബന്ധിച്ച് തീരുമാനമെടുക്കേണ്ട തിരുവനന്തപുരം ജില്ലാ ഉപദേശകസമിതി ഇപ്പോൾ നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിലെ അംഗങ്ങൾ ആരൊക്കെയാണ്;

(സി) കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ ഈ കമ്മിറ്റി കൂടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കേസുകളിൽ തീരുമാനമെടുത്തു;

(ഡി) ഈ കമ്മിറ്റി പ്രവർത്തനരഹിതമാണെങ്കിൽ അടിയന്തിരമായി പുനഃസംഘടിപ്പിക്കുന്നതിന് ആവശ്യമായ നടപടി ഉണ്ടാകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1. ശ്രീ. എം. കുഞ്ഞുകൃഷ്ണപിള്ള
2. ശ്രീ. കെ. ശങ്കരൻ
3. കെ. കേശവൻ (മരണപ്പെട്ടു)
4. കെ. പി. നടേശൻ (മരണപ്പെട്ടു)
5. എസ്. കൃഷ്ണൻ നായർ (മരണപ്പെട്ടു)
6. ശ്രീ. കെ. ചെല്ലക്കണ്ണ് നാടാർ
7. എം. അലിക്കുഞ്ഞ് ശാസ്ത്രി (22-2-2004-ന് മരിച്ചു)
8. ഉള്ളൂർ പി. ഗോപി (മരണപ്പെട്ടു)
9. ശ്രീ. കുഞ്ഞുകൃഷ്ണപിള്ള വി.
10. ജി. സോമശേഖരൻ നായർ (3-3-2004-നു മരിച്ചു)
11. ലെഫ്. എ. എൻ. ശിവാനന്ദൻ

LIBRARY ARCHIVES Kerala Legislative Assembly